# ആരോഗ്യമുള്ള കൃഷിക്കായി ഒരു ജീവിതം



കർഷകർ കൈവിട്ട പാരമ്പര്യ കാർഷിക രീതികൾ തിരിച്ചുകൊണ്ടുവരാനുള്ള കഠിന പരിശ്രമത്തിലാണ് തമിഴ്നാട് സ്വദേശിയായ നമ്മാൾവാർ പ്രകൃതി, ജൈവകൃഷി രീതികളുടെ പ്രചാരണത്തിനായി ജീവിതം ഉഴിഞ്ഞ് വെച്ചിരിക്കുകയാണ്. തമിഴ്നാട്ടിലെ പാരമ്പര്യ കർഷക കുടുംബാംഗമായ ഇദ്ദേഹം കഴിഞ്ഞ അരനൂറ്റാണ്ടുകാലമായി ജൈവകൃഷിയുടെ പ്രചാരകനായി ലോകം ചുറ്റുകയാണ്. ഈയിടെ പാലക്കാട് ദേശീയ കർഷക സംരക്ഷണ സമിതി, തിരുവനന്തപുരം തണൽ എന്നിവർ സംയുക്തമായി പാലക്കാട് നടത്തിയ ജൈവ കർഷക സംഗമത്തിൽ പങ്കെടുക്കാനെത്തിയ നമ്മാൾവാറുമായി നടത്തിയ സംഭാഷണം.

തയ്യാറാക്കിയത് :
ചിറ്റൂർ എസ്. ദാസ്

***? തമിഴ്നാട്ടിൽ ജൈവകാർഷിക മേഖലയുടെ പ്രവർ ത്തനം സജീവമായി തുടങ്ങിയതായി കേൾക്കുന്നു.***

- മുൻകാലങ്ങളെ അപേക്ഷിച്ച് തമിഴ്നാട്ടിൽ കർഷകർ ജൈവകൃഷിയിലേക്ക് മാറിക്കൊണ്ടിരിക്കുന്നുണ്ട്. നെല്ലിന് പുറമെ, മറ്റെല്ലാ കൃഷിമേഖലകളിലും ജൈവ കർഷകർ സജീവമായി കൊണ്ടിരിക്കുന്നു. അരനൂറ്റാണ്ടു മുമ്പ് തമിഴ്നാട്ടിൽ 100ൽ താഴെയായിരുന്നു ജൈവകർഷകരുടെ എണ്ണം. എന്നാലിപ്പോൾ 13,400 ജൈവകർഷകർ തമിഴ് നാട്ടിലുണ്ട്. മാത്രമല്ല എല്ലാ ജില്ലകളിലും ജൈവ കർഷക കൂട്ടായ്മകൾ സജീവമായി പ്രവർത്തിച്ചുവരുന്നുണ്ട്. മിക്കയിടത്തും 'ജൈവഉല്പന്ന വിപണികളും' സജീവമായിക്കൊണ്ടിരിക്കുന്നു.

***? രാസകൃഷിയിൽനിന്ന് നഷ്ടമുണ്ടാവുകയും ഇതിനെത്തുടർന്ന് കർഷക ആത്മഹത്യകൾ വർദ്ധിക്കുന്ന സാഹചര്യമാണല്ലോ ഇപ്പോഴുള്ളത്. ജൈവകൃഷി ഇതിനൊരു പരിഹാരമാവുമോ ?***

- ഏറ്റവും കൂടുതൽ കർഷക ആത്മഹത്യകൾ കേരളത്തിലും ആന്ധ്രയിലും വിദർഭയിലുമാണ്. കാരണം പൊതുവെ ചെലവ് കുറഞ്ഞ പാരമ്പര്യ കൃഷിരീതികൾ കർഷകർ കൈവിട്ടതാണ് ആത്മഹത്യകൾ പെരുകാനുള്ള മുഖ്യകാരണം. കൂടുതൽ വിളവ് ലഭിക്കുമെന്ന് കർഷകരെ മോഹിപ്പിച്ച് രാസവള കൃഷിയിലേക്ക് കർഷകരെ മാറി. തുടക്കത്തിൽ സാമാന്യം നല്ല വിളവ് ലഭിച്ചു. ഇതോടെ കർഷക രാസവളങ്ങളും കീടനാശിനികളും കൂടുതൽ ഉപയോഗപ്പെടുത്തി കൃഷി ചെയ്തുതുടങ്ങി. മണ്ണ് മരവിച്ചതോടെ വിളവ് ഗണ്യമായി കുറഞ്ഞു. കീടങ്ങളുടെ ശല്യവും വർദ്ധിച്ചു. ഓരോ വർഷവും കൂടുതൽ രാസവളവും, കീടനാശിനിയും ഉപയോഗിച്ച് കൃഷി ചെയ്യേണ്ടിവന്നു. ഇനിയുള്ള കാലം രാസകൃഷി ഉപേക്ഷിച്ച് 84 സംഘടനകൾ സഹകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ഇവർക്ക് ജൈവകൃഷി പ്രോത്സാഹിപ്പിക്കാനുള്ള സഹായങ്ങൾ നൽകിവരുന്നു.

***? തമിഴ്നാട്ടിലിപ്പോഴും വ്യാപകമായ തോതിൽ രാസകൃഷിയും എൻഡോസൾഫാൻ ഉൾപ്പെടെയുള്ള കീടനാശിനികളും ഉപയോഗിച്ചുവരുന്നുണ്ടല്ലോ?***

- തമിഴ്നാട്ടിൽ നെല്ലിനും പച്ചക്കറികൾക്കും മുന്തിരി, വെറ്റില പോലുള്ള കൃഷികൾക്കും എൻഡോസൾഫാൻ, കരാട്ടേ പോലുള്ള മാരക കീടനാശിനികൾ ഉപയോഗിക്കുന്നുണ്ട്. ഇവയുടെ മാർക്കറ്റ് കേരളമാണ്. തമിഴ്നാട്ടിലെ ഭൂരിഭാഗം കർഷകരും ലാഭം മോഹിച്ചാണ് കൃഷി ചെയ്തുവരുന്നത്. അതുകൊണ്ട് അവർ രാസവളം, കീടനാശിനി എന്നിവയൊക്കെ ഉപയോഗിക്കും. തമിഴ്നാട്ടിലുൽപ്പാദിപ്പിക്കുന്ന പച്ചക്കറികളിൽ 90 ശതമാനവും കേരളത്തിലേക്കാണ് കയറ്റി അയക്കുന്നത്. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലേക്കാവശ്യമായ എല്ലാ പച്ച

ക്കറികളും സ്വന്തമായി ഉൽപ്പാദിപ്പിക്കാൻ തയ്യാറാവണം. ഇപ്പോൾ കേരളീയർ വിഷം വിലകൊടുത്ത് വാങ്ങിക്കൊണ്ടിരിക്കുകയാണ്.

ഞാൻ ഈയിടെ തമിഴ്നാട്ടിലെ ഒരു പ്രമുഖ പച്ചക്കറി ഉല്പാദന കേന്ദ്രത്തിലെ കർഷകരെ കാണാൻപോയിരുന്നു. തക്കാളി, വഴുതിന, ബീൻസ്, കോളിഫ്ളവർ എന്നീ കൃഷിക്ക് രാസകീടനാശിനി തളിയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. കർഷകരോട് ഇതിന്റെ ദൂഷ്യത്തെപ്പറ്റി പറഞ്ഞപ്പോൾ അവരിലൊരാൾ പ്രതികരിച്ചതി ങ്ങനെയാണ്. "ഇവിടെ ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾ കേരളത്തിലാണ് വിൽക്കുന്നത്. അതുകൊണ്ട് തമിഴരെ ഇതൊന്നും ബാധിക്കില്ല"ന്നായിരുന്നു. 'ഫുഡ്' യാത്ര ചെയ്യാൻ പാടില്ല. അവനവന് വേണ്ടുന്നത് അതാത് പ്രദേശത്തുതന്നെ ഉണ്ടാക്കണം. ഇറക്കുമതി ചെയ്യുന്ന ധാന്യങ്ങളിലും പച്ചക്കറികളിലും വിഷം കലർന്നതാവാനിടയുണ്ട്.

***? തമിഴ്നാട്ടിൽ ബി.ടി. നെല്ല്, പരുത്തി എന്നീ കൃഷികൾക്കെതിരെ കർഷകർ രംഗത്തിറങ്ങിയിട്ടുണ്ടല്ലോ***

- കോയമ്പത്തൂരിലെ ആലാന്തുറയിൽ ഒരു കർഷകനെ കയ്യിലെടുത്ത് ബി.ടി. നെൽകൃഷിയിറക്കി. എന്നാൽ ഇതിനെക്കുറിച്ച് മനസ്സിലാക്കിയ മറ്റ് കർഷകർ വിളവിന് പാകമായ കൃഷി മുഴുവൻ നശിപ്പിച്ചു. ധർമപുരിയിൽ ബി.ടി. പരുത്തി കൃഷി ചെയ്ത കർഷകർ ദുരിതത്തിലായി. വൻ വിളവ് മോഹിച്ചാണ് ബി.ടി. പരുത്തി കൃഷി ചെയ്തത്. പക്ഷേ പ്രതീക്ഷിച്ച രീതിയിൽ പരുത്തിക്ക് വിളവ് ലഭിച്ചില്ല. കർഷകർ ദുരിതത്തിലായി. ഇതിനെതിരെ കർഷകർ പ്രതിരോധ സമരം നടത്തിവരികയാണ്. ഇപ്പോൾ വിത്ത് വിതരണം ചെയ്ത കമ്പനി ഏക്കറിന് 5000 രൂപ നഷ്ടപരിഹാരം നൽകി പ്രശ്നം ഒത്തുതീർത്തു. തമിഴ്നാട്ടിലെങ്ങും ബി.ടി. വിളകൾക്കെതിരെ കർഷകർക്കിടയിൽ ബോധവൽക്കരണം നടന്നുകൊണ്ടിരിക്കുന്നു.

***? തമിഴ്നാട് കാർഷിക സർവ്വകലാശാല ബി.ടി. വിത്തുകളെ പ്രോത്സാഹിപ്പിക്കുന്നതായി പറയുന്നു.***

- ശരിയാണ്. ചില ഉയർന്ന ഉദ്യോഗസ്ഥർ തമിഴ്നാട്ടിലെ കർഷകരെ ബി.ടി. വിത്തുകൾ നല്ലതാണെന്ന് പറഞ്ഞ് തെറ്റിദ്ധരിപ്പിച്ച് കൃഷി ചെയ്യുവാൻ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ജൈവകർഷകർക്ക് വേണ്ടുന്ന സഹായങ്ങളൊന്നും ചെയ്യാറുമില്ല. കൃഷിവകുപ്പും കർഷകർക്ക് വേണ്ടിയൊന്നും കാര്യമായി ചെയ്യുന്നില്ല. എന്നാൽ പോണ്ടിച്ചേരി കാർഷിക സർവകലാശാല ജൈവകൃഷിക്ക് പ്രോത്സാഹനം നൽകുന്ന നടപടികൾ തുടങ്ങിയിട്ടുണ്ട്.

***? താങ്കൾ നേരത്തെ തമിഴ്നാട് കൃഷിവകുപ്പിൽ ഉദ്യോഗസ്ഥനായിരുന്നുവല്ലോ ?***

- ഉവ്വ്, അവിടത്തെ കൃഷി വകുപ്പിന്റെ രീതികളുമായി പൊരുത്തപ്പെട്ടു പോകാത്തതിനാൽ ഉദ്യോഗം രാജി വെച്ചു. കോവിൽപെട്ടി തമിഴ്നാട് കാർഷിക പഠന കേന്ദ്രത്തിലായിരുന്നു ജോലി. 10 വർഷം അവിടെ സയന്റിസ്റ്റായി ജോലി ചെയ്തു. 128 ഏക്കറോളം വരുന്ന പാഴ്നിലത്തിൽ പുതിയ കൃഷിരീതികളിലൂടെ പരീക്ഷണം നടത്താൻ പദ്ധതി തയ്യാറാക്കിയെങ്കിലും, സർക്കാരിൽനിന്ന് വേണ്ടത്ര പോത്സാഹനം ലഭിച്ചില്ല. കർഷകർക്ക് വേണ്ടിയൊന്നും ചെയ്യാൻ പറ്റാത്ത അവസ്ഥ വന്നപ്പോൾ ജോലി വേണ്ടെന്ന് വച്ചു. പിന്നീട് കർഷകർക്കുവേണ്ടി എന്തെങ്കിലും ചെയ്യണമെന്നാഗ്രഹിച്ചു.

***? പിന്നീടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയായിരുന്നു***

- ധർമപുരിയിലെ അഞ്ചെട്ടിമലയിൽ ഉരുൾപൊട്ടി താഴ്വാരത്തിലുള്ള 16 ഗ്രാമങ്ങളിലെ കൃഷിയിടങ്ങൾ നശിച്ചു. ഇതിനാൽ ഇവിടത്തെ കർഷകർ സ്ഥലം ഉപേക്ഷിച്ച് മൈസൂരിലേക്കും ബാംഗ്ലൂരിലേക്കും ജോലിതേടി പൊയ്കൊണ്ടിരുന്നു. ജോലി രാജി വെച്ചതിനുശേഷം ഇവരെ പിടിച്ച് നിർത്താൻ വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ചെക്ക്ഡാമുകൾ നിർമ്മിച്ച് മഴവെള്ളം ഭൂമിക്കടിയിലേക്ക് ഇറക്കി. കിണറുകളിൽ നീരുറവകൾ വർദ്ധിച്ചു. പിന്നീട് മൾബെറി കൃഷിയിറക്കി. തുടർന്ന് മറ്റ് കൃഷികളും ചെയ്തു. ഗ്രാമീണരിൽ ആത്മവിശ്വാസമുണ്ടായി. ഈ സമയത്ത് തമിഴ്നാട് അതിർത്തിയിൽ ഫാദർ ബെർണാഡ് ഡി. ക്ലാർക്ക് കഴിഞ്ഞ 25 വർഷമായി ജൈവകൃഷി ചെയ്ത് കഴിയുന്നതായി മനസ്സിലാക്കി. ഇയാളുടെ കൃഷിരീതികളെക്കുറിച്ച് പഠിക്കാൻ തീരുമാനിച്ചു. പിന്നീട് തേനിയിൽ നെതർലാന്റ് ഗ്രൂപ്പായ എ.ടി.സി. ഫൗണ്ടേഷൻ നടത്തുന്ന ജൈവകർഷക പരിശീലനത്തിന് ചേർന്നു. ഇവിടത്തെ അരബിന്ദാശ്രമത്തിലെ ഫ്രഞ്ച് വനിതയുടെ നേതൃത്വത്തിലുള്ള ഓർഗാനിക് ഫാമിലായിരുന്നു പരിശീലനം. 1990ൽ 'ലോ എക്സ്റ്റേർണൽ ഇൻപുട്ട് ഫോർ സസ്റ്റയിനബിൾ അഗ്രികൾച്ചർ' (ലെയ്സ) എന്ന പ്രസ്ഥാനം തുടങ്ങി. 1995ൽ പുതുക്കോട്ടൈക്കടുത്തുള്ള ഒടുകംപട്ടിയിൽ 20 ഏക്കർ തരിശുനിലം വാങ്ങിച്ച് മാതൃകാ ജൈവകൃഷിത്തോട്ടമാക്കി. ഇവിടമിപ്പോൾ ജൈവകർഷകരുടെ പരിശീലനകേന്ദ്രമാണ്. 1995ൽ ആൾ ഇന്ത്യ ഓർഗാനിക് ഫാമിംഗ് അസോസിയേഷന്റെ തമിഴ്നാട് സംസ്ഥാനത്തെ കോ-ഓർഡിനേറ്ററായും പ്രവർത്തിച്ചു. ഡോ. വന്ദനശിവയായിരുന്നു ദേശീയ കോ-ഓർഡിനേറ്റർ. 'ലെയ്സ'യിൽ 84 സംഘടനകൾ സഹകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. ഇവർക്ക് ജൈവകൃഷി പ്രോത്സാഹിപ്പിക്കാനുള്ള സഹായങ്ങൾ നൽകി വരുന്നു.

***? കേരളത്തിൽ ജൈവകൃഷിക്ക് സാദ്ധ്യതയുണ്ടോ ?***

- തമിഴ്നാടിനെ അപേക്ഷിച്ച് കേരളത്തിൽ ജൈവകൃഷിക്ക് ഏറ്റവും കൂടുതൽ സാദ്ധ്യതയുണ്ട്. കേരളത്തിന്റെ കാലാവസ്ഥ ഇതിന് അനുകൂലം. തമിഴ്നാട്ടിൽ മൂന്നുമാസം മഴ ലഭിക്കുമ്പോൾ കേരളത്തിൽ ആറു മാസം സുലഭമായി മഴയുണ്ട്. അധ്വാനിക്കാൻ കഴിയുന്നവർക്ക് കേരളത്തിൽ നല്ല 'റിസൾട്ട്' ഉണ്ടാക്കാൻ പറ്റും. പുതുതലമുറ കൃഷിയിലേക്കിറങ്ങാൻ അമാന്തം കാണിക്കുന്നതായാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷേ, പരിശ്രമശാലികളായ കേരളീയർ താൽപര്യമെടുത്താൽ ജൈവകൃഷി വൻ വിജയമാക്കാം.

***? താങ്കളുടെ അടുത്ത പ്രവർത്തനങ്ങൾ ?***

- തമിഴ്നാട്ടിലെ 30 ജില്ലകളിൽ 27ലും ജൈവകൃഷി ചെയ്തുവരുന്ന കർഷകരുടെ എണ്ണം കൂടിവരുന്നുണ്ട്. തമിഴ്നാട്ടിലെ കോളേജ്, സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ ബോധവൽക്കരണ പരിപാടികൾ നടത്തും. കൃഷിവകുപ്പ് ഉദ്യോഗസ്ഥർക്കായി ക്യാമ്പുകളും സംഘടിപ്പിക്കുന്നുണ്ട്.